● പുസ്തകം

# ഖുർആൻ
## വായിക്കേണ്ടതും പഠിക്കേണ്ടതും എങ്ങനെ?




**ഇൽയാസ് മൗലവി** / elliaskunnath@gmail.com

**ഖുർആനോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കണം**
ഡോ. യൂസുഫുൽ ഖറദാവി
മൊഴിമാറ്റം: വി.കെ അലി, പി.കെ ജമാൽ
ഐ.പി.എച്ച് കോഴിക്കോട്

എന്തു വായിക്കണം, എന്തു പഠിക്കണം എന്നതുപോലെ തന്നെ പ്രധാനമാണ് എങ്ങനെ വായിക്കണം, എങ്ങനെ മനസ്സിലാക്കണം എന്നുള്ളതും. ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളായ ഖുർആനിനും ഹദീസിനും ഇതു ബാധകമാണ്. ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്നതിലും അതിന്റെ മഹത്വം ഇടിച്ചുതാഴ്ത്തുംവിധം വികലമാക്കുന്നതിലും ഈയൊരു ചോദ്യത്തെ അവഗണിച്ചതിന് ചെറുതല്ലാത്ത പങ്കുണ്ട്.

ഇസ്‌ലാമിന്റെ സന്തുലിതത്വവും അതിന്റെ മധ്യമ നിലപാടും പൊതുജനസമക്ഷം അവതരിപ്പിക്കുക എന്നത് ജീവിതദൗത്യമായി ഏറ്റെടുത്ത ശൈഖ് യൂസുഫുൽ ഖറദാവിയുടെ ഈ വിഷയത്തിൽ വന്ന മികച്ച ഗ്രന്ഥമാണ് 'കൈഫ നതആമലു മഅൽ ഖുർആനിൽ കരീം.' 'ഖുർആനോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കണം' എന്ന പേരിൽ ഐ.പി.എച്ച് ഇത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നു. പരിഭാഷാ രംഗത്ത് പരിണിതപ്രജ്ഞരായ വി.കെ അലി, പി.കെ ജമാൽ എന്നീ രണ്ടു പണ്ഡിതന്മാരാണ് ഗ്രന്ഥം അറബിയിൽനിന്ന് മലയാളത്തിലേക്ക് മൊഴിമാറ്റിയിട്ടുള്ളത്. അറബിയിൽ നാനൂറ്റി അമ്പതിൽപരം പേജുള്ള ഗ്രന്ഥത്തിന്റെ സംഗൃഹീത വിവർത്തനമാണിത്. സാധാരണക്കാരെ സംബന്ധിച്ചേടത്തോളം ഈ സംഗ്രഹം ധാരാളം മതി.

വിശുദ്ധ ഖുർആനെ പരിചയപ്പെടുത്തുന്ന കൃതികൾ പണ്ടുമുതലേ രചിക്കപ്പെട്ടുപോന്നിട്ടുണ്ട്. പക്ഷേ അവ മിക്കതും ഖുർആൻ വിജ്ഞാനീയങ്ങളുമായി, അഥവാ ഉലൂമുൽ ഖുർആനുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. വഹ്‌യ്, ഖുർആൻ ക്രോഡീകരണ ചരിത്രം, മുഹ്കമും മുതശാബിഹും, നാസിഖും മൻസൂഖും, തഫ്സീറിന്റെ അടിസ്ഥാന നിയമങ്ങൾ, സൂറത്തുകളുടെയും ആയത്തുകളുടെയും അവതരണ കാരണവും പശ്ചാത്തലവും, ഖിറാഅത്തുകളും അതിന്റെ ഇമാമുകളും, ഏഴു ഹർഫുകൾ, മക്കീ-മദനീ സൂറത്തുകളും അവയുടെ പ്രത്യേകതകളും, ഖുർആന്റെ അമാനുഷികതയും അതിന്റെ ഇനങ്ങളും, അതിലെ അപരിചിത പദങ്ങളുടെ കുറുക്കഴിക്കൽ തുടങ്ങി ഖുർആനുമായി ബന്ധപ്പെട്ട നിരവധി വിജ്ഞാനങ്ങളുടെ പഠനമാണ് ഉലൂമുൽ ഖുർആൻ എന്ന പേരിലറിയപ്പെടുന്ന ഖുർആൻ വിജ്ഞാനശാസ്ത്രം. ഇവയിലേറ്റവും പ്രസിദ്ധമായതാണ് ഇമാം സുയൂത്വിയുടെ 'അൽഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ', ഇമാം ബദ്റുദ്ദീൻ സർഖശിയുടെ 'അൽബുർഹാൻ ഫീ ഉലൂമിൽ ഖുർആൻ', സുർഖാനിയുടെ 'മനാഹിലുൽ ഇർഫാൻ' എന്നീ കനപ്പെട്ട കൃതികൾ. ഈ വിഷയത്തിലെഴുതപ്പെട്ട കൃതികളുടെയും അതിന്റെ കർത്താക്കളുടെയും ലിസ്റ്റ് തന്നെ രണ്ടും മൂന്നും വാല്യങ്ങളിലായി ക്രോഡീകരിക്കാൻ മാത്രമുണ്ട്.

ഖുർആനെ സംബന്ധിച്ചറിയേണ്ട സുപ്രധാന വിഷയങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഈ കൃതി നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്ത് ഖുർആന്റെ സവിശേഷതകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിവരിക്കുന്നു. ഖുർആൻ അമാനുഷികമാണ്, അത് എല്ലാ മനുഷ്യർക്കും എല്ലാ കാലത്തേക്കുമുള്ള ദൈവികഗ്രന്ഥമാണ്. ഇത് സമർഥിച്ച ശേഷം ഖുർആൻ സമർപ്പിക്കുന്ന അടിസ്ഥാന ആദർശങ്ങൾ, മനുഷ്യാവകാശങ്ങൾ, കുടുംബസംവിധാനം, സ്ത്രീസ്വാതന്ത്ര്യം, സാഹോദര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായ വിശ്വമാനവികത, അന്യമതസ്ഥരോടുള്ള സഹിഷ്ണുത തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്നു. രണ്ടാം ഭാഗത്ത് ഖുർആൻ പഠന-പാരായണ രീതികളെക്കുറിച്ചും മനഃപാഠമാക്കുന്നതിനെക്കുറിച്ചും പാരായണം ശ്രവിക്കുന്നതിനെക്കുറിച്ചും സവിസ്തരം വിശദീകരിക്കുന്നു.

ഖുർആൻ വ്യാഖ്യാന (തഫ്സീർ) ത്തെ